**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4840** **20-03-2025 - ൽ മറുപടിയ്ക്ക്**

**പടന്നക്കാട് മേൽപ്പാലം-വെള്ളരിക്കുണ്ട് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പടന്നക്കാട് മേൽപ്പാലം-വെള്ളരിക്കുണ്ട് റോഡ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ പടന്നക്കാട് മേൽപ്പാലം - വെള്ളരിക്കുണ്ട് റോഡ് പ്രവൃത്തിക്കായി 60 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പടന്നക്കാട് മേൽപ്പാലം - വെള്ളരിക്കുണ്ട് റോഡ് എന്ന പദ്ധതിക്കായി 87 കോടി രൂപയുടെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി 14/02/2020ൽ സമർപ്പിക്കുകയും, ആയതിൽ ഒന്നാം ഘട്ടമായി പുളിക്കൽ പാലം, ആനപ്പെട്ടി പാലം, ബാനം കലുങ്ക് എന്നിവയ്ക്ക് 7.27 കോടി രൂപയുടെ സാമ്പത്തികാനുമതിയും 9.37 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട് 10/01/2022 തീയതിയിൽ 8.90 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരുന്നു. ഇതിൽ പുളിക്കൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ആനപ്പെട്ടി പാലം,ബാനം കൾവർട്ട് എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>രണ്ടാം ഘട്ടമായി റോഡ് പ്രവൃത്തിയുടെ സാമ്പത്തികാനുമതിക്കു വേണ്ടി പുതിയ എസ്റ്റിമേറ്റ് 11/10/2022 തീയതിയിൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും പാലങ്ങളുടെ പണികൾ പൂർത്തിയാക്കുന്ന മുറക്ക് സാമ്പത്തികാനുമതിക്കായി പരിഗണിക്കാവുന്നതാണ് എന്ന് കിഫ്ബിയിൽ നിന്ന് അറിയിച്ചിട്ടുണ്ട് ആദ്യ 3 കിലോമീറ്റർ ഭാഗത്ത് റോഡ് വികസനത്തിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല. സ്ഥലം ലഭ്യമായതിനു ശേഷം തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും |

സെക്ഷൻ ഓഫീസർ